"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-കടത്തനാട്ടങ്കം 2025 (മെയ് 3-11) -സാംസ്കാരിക പൈതൃക മേള-ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.246/2025/TSM തീയതി,തിരുവനന്തപുരം, 05-05-2025

---

പരാമർശം:-
1. വടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച സമർപ്പിച്ച 13.01.2025 , 18.03.2025 എന്നീ തീയതികളിലെ അപേക്ഷ.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 02.05.2025 തീയതിയിലെ DOT/1016/2025-M1 നം കത്ത്.

**ഉത്തരവ്**

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പ്രചാരമുള്ള ആയോധന കലകളെയും മറ്റ് പാരമ്പര്യ കലകളെയും പ്രോത്സാഹിക്കുവാൻ വടകര ബ്ലോക്ക് പഞ്ചായത്ത്, പൈതൃക സംരക്ഷണത്തിനായി നിലകൊള്ളുന്ന സാംസ്കാരിക സ്ഥാപനങ്ങളുമായി ചേർന്ന് സംഘടിപ്പിക്കുന്ന കടത്തനാട്ടങ്കം 2025 എന്ന സാംസ്കാരിക പൈതൃക മേളയ്ക്ക് വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ നിന്നും വിവിധതരം സ്റ്റാളുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വികരിക്കണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരളത്തിന്റെ ആയോധന കലയായ കളരിയുടെ ഈറ്റില്ലമായ വടകരയിൽ അന്യംനിന്നു പോകുന്ന കളരിയേയും അനുബന്ധ കലകളേയും പുതിയ തലമുറയ്ക്ക് കൈമാറുകയും വിപുലപ്പെടുത്തുകയും ചെയ്യുക എന്ന ഉദ്ദേശത്തോടു കൂടി വടകര ബ്ലോക്ക് പഞ്ചായത്ത്, ദേശീയ ആയോധന കല, കരകൗശല പൈതൃക മേള എന്നിവരുടെ ആഭിമുഖ്യത്തിൽ **2025 മെയ് 3 മുതൽ 11 വരെ** ചോമ്പാല മിനി സ്റ്റേഡിയത്തിൽ വച്ച് സംഘടിപ്പിക്കുന്ന **കടത്തനാട്ടങ്കം 2025 - സാംസ്കാരിക പൈതൃക മേളയ്ക്ക്** അനുബന്ധമായി സർക്കാരിന്റെ കീഴിലുള്ള

വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കാൻ വിവരണ രീതിയിലുള്ള പ്രവർത്തന സ്റ്റാളുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി, വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള വിവിധതരം സ്റ്റാളുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി, **3452-80-104-98-00-34-03-പിവി- മാർക്കറ്റിംഗ്** എന്ന ശീർഷകത്തിൽ നിന്നും **₹2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം)** ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മുന്നു മാസത്തിനകം വടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജിമോൾ കെ ചാക്കോ
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
പ്രസിഡന്റ്,വടകര ബ്ലോക്ക് പഞ്ചായത്ത്( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ഒഷറി ഓഫീസർ, വെള്ളയമ്പലം സബ് ടഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു)
കരുതൽ ഫയൽ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 05-05-2025 16:16:20

സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്